(എ-സി) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിൽനിന്നും സ്ഥലം കൈമാറി, പട്ടികജാതി വികസന വകുപ്പിന് ലഭിക്കുന്നതുമായി ബന്ധപ്പെട്ട്, ആലപ്പുഴ ജില്ലാ പഞ്ചായത്തുമായുള്ള കരാർ ഉടമ്പടിയിൽ, കെട്ടിട നിർമ്മാണം പൂർത്തിയായതിനുശേഷം കെട്ടിട നിർമ്മാണത്തിനായി കൈമാറിയ സ്ഥലവും കെട്ടിടവും ജില്ലാ പഞ്ചായത്തിന് തിരികെ ഏൽപ്പിക്കണമെന്ന വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥയിൽ മാറ്റം വരുത്താമെന്ന് ജില്ലാപഞ്ചായത്ത് അറിയിച്ചിട്ടുണ്ടെങ്കിലും പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് മാത്രമേ വകുപ്പിന്റെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ആലപ്പുഴ ജില്ലാ പഞ്ചായത്തിൽനിന്നും സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം ജില്ലാ പഞ്ചായത്തുമായി ചർച്ച ചെയ്തിട്ടുണ്ട്.

പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ

52(5499) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള പദ്ധതികളുടെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ വകുപ്പുവഴി നടപ്പിലാക്കിയിട്ടുള്ള എല്ലാ കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കുടിവെള്ള പൈപ്പ്ലൈനുകളെത്താത്ത പട്ടികജാതി കോളനികൾ ഏതെല്ലാമാണെന്നും ഇതിൽ ഏതെല്ലാം കോളനികളിലാണ് ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പുവർഷം കുടിവെള്ളം എത്തിക്കാൻ കഴിയുകയെന്നും അറിയിക്കാമോ?

കുടിവെള്ള പൈപ്പ്ലൈനുകളെത്താത്ത പട്ടികജാതി കോളനികൾ ഒന്നുംതന്നെ ഇല്ല.

പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകളുടെ പുനരുദ്ധാരണം

53(5500) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി കോളനികളിലേയ്ക്കുള്ള തകർന്നു കിടക്കുന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly